7. (1) മേജർ ഇറിഗേഷൻ - 60.48 കോടി രൂപ
(2) മൈനർ ഇറിഗേഷൻ - 36.30 കോടി രൂപ
8. നാഷണൽ ഹൈവേ - 0.71 കോടി രൂപ

(ബി) 1996 മാർച്ച് 31-ൽ റിസർവ്വ് ബാങ്കിന്റെ കണക്കുപ്രകാരം സംസ്ഥാനത്തിന്റെ ക്യാഷ് ബാലൻസ് 481.41 കോടി രൂപയായിരുന്നു.

(സി) 1. റോഡുകളും പാലങ്ങളും - 525 കോടി രൂപ
2. കെട്ടിട വിഭാഗം - 70.67 കോടി രൂപ
3. ജലസേചനം പ്രോജക്ട് I - 16.58 കോടി രൂപ
4. ജലസേചനം പ്രോജക്ട് II - 15.44 കോടി രൂപ
5. ജലസേചനം പ്രോജക്ട് III - വിവരം ശേഖരിച്ചു വരുന്നു.
6. ഇറിഗേഷൻ, ഡിസൈൻ & റിസർച്ച് ബോർഡ് - 0.75 കോടി രൂപ
7. (1) മേജർ ഇറിഗേഷൻ - 33.49 കോടി രൂപ
(2) മൈനർ ഇറിഗേഷൻ - 18.41 കോടി രൂപ
8. നാഷണൽ ഹൈവേ - 4.32 കോടി രൂപ

(ഡി) 2000-മാർച്ച് 31-ൽ റിസർവ്വ് ബാങ്കിന്റെ കണക്കുപ്രകാരം സംസ്ഥാനം 130.77 കോടി രൂപ കമ്മിയിലാണ്.

കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക തുക

11 (965)ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ, റോഡ്, ബിൽഡിംഗ്സ്, ഇറിഗേഷൻ എന്നീ വിഭാഗങ്ങളിൽ കരാറുകാർക്ക് 31.5.2000 വരെ എത്ര കോടി രൂപ കൊടുക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കുടിശ്ശികതുക കൊടുത്തു തീർക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. റോഡുകളും പാലങ്ങളും - 538 കോടി രൂപ
2. കെട്ടിട വിഭാഗം - 70.67 കോടി രൂപ
3. ജലസേചനം പ്രോജക്ട് I - 17.20 കോടി രൂപ
4. ജലസേചനം പ്രോജക്ട് II - 11.72 കോടി രൂപ
5. ജലസേചനം പ്രോജക്ട് III - വിവരം ശേഖരിച്ചുവരുന്നു.
6. ഇറിഗേഷൻ, ഡിസൈൻ & റിസർച്ച് ബോർഡ് - 0.94 കോടി രൂപ
7. ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ - 59.66 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

8. നാഷണൽ ഹൈവേ - 5.30 കോടി രൂപ

(ബി) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയിൽനിന്നും കുടിശ്ശിക കൊടുത്തു തീർത്തുകൊണ്ടിരിക്കുകയാണ്.

വിധവ വാർദ്ധക്യകാല പെൻഷൻ കുടിശ്ശിക

12 (966)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിധവാ, വാർദ്ധക്യകാല പെൻഷൻ എന്നീ ഇനത്തിൽ എത്ര മാസത്തെ കുടിശ്ശിക നൽകുവാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുടിശ്ശിക കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ തുടങ്ങിയവയുടെ കുടിശ്ശിക സംബന്ധിച്ച് 31.5.2000 ലെ സ്ഥിതി വിവരം ജില്ലാടിസ്ഥാനത്തിൽ ഇപ്രകാരമാണ്.

ജില്ല	വിധവാ പെൻഷൻ	വാർദ്ധക്യകാല പെൻഷൻ
തിരുവനന്തപുരം	7 മാസം	10 മാസം
കൊല്ലം	9 മാസം	9 മാസം
പത്തനതിട്ട	8 മാസം	10 മാസം
ആലപ്പുഴ	9 മാസം	10 മാസം
കോട്ടയം	5 മാസം	2 മാസം
ഇടുക്കി	10 മാസം	11 മാസം
എറണാകുളം	6 മാസം	7 മാസം
തൃശ്ശൂർ	8 മാസം	14 മാസം
പാലക്കാട്	8 മാസം	1 മാസം
മലപ്പുറം	9 മാസം	9 മാസം
കോഴിക്കോട്	11 മാസം	11 മാസം
വയനാട്	6 മാസം	9 മാസം
കണ്ണൂർ	9 മാസം	9 മാസം
കാസർകോട്	8 മാസം	8 മാസം

(ബി) പ്രസ്തുത കുടിശ്ശിക കൊടുത്തു തീർക്കുന്നതിനാവശ്യമായ ഫണ്ട് ഈ വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. 2000-2001-ലെ പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കുന്ന മുറക്ക് കുടിശ്ശിക കൊടുത്തു തീർക്കുന്നതിനുള്ള ഫണ്ട് വിതരണം ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly